
## രാജ് മോഹൻ



വീട്-തൃശ്ശൂർ-കുട്ടനെല്ലൂർ. എം. കോം ബിരുദാനന്തര ബിരുദദാരിയാണ്. ഫിനാൻസ് ഓഫീസറായി ബഹറിനിലാണ് ജോലി ചെയ്യുന്നത്. അക്ഷരമുദ്രയുടെ കാവ്യസമാഹാരമായ ഹൃദയമുദ്രകൾ; മഴത്തുള്ളി പബ്ളിക്കേഷന്റെ കഥ, കവിതാ സമാഹാരങ്ങളിൽ എഴുതിയിട്ടുണ്ട്. പ്രമുഖ സാഹിത്യ ബ്ലോഗായ ''പ്രതിലിപി'' യിലുടെ നിരവധി രചനകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 'അക്ഷരം' ഓൺലൈൻ മാസികയുടെ എഡിറ്ററായി പ്രവർത്തിക്കുന്നു. മുഖ്യധാരയിലും നവമാധ്യമങ്ങളിലും കഥയും, കവിതയും എഴുതുന്നു. ആമസോൺ എന്ന പ്രസാധകരിലൂടെ 10 പുസ്തകങ്ങൾ ഇംഗ്ലീഷിലും മലയാളത്തിലും പ്രസിദ്ധീകരിച്ചു. ആമസോണിലെ ഇദ്ദേഹത്തിന്റെ പുസ്തകങ്ങൾ www.amazon.com/author / rajmohan എന്ന വെബ് സ്റ്റോറിലൂടെ ലഭ്യമാണ്.

## പ്രണയം വിരഹം

പ്രണയം ഒരിക്കലൊരു
കഥയായ് നമ്മെത്തേടിയെത്തുന്നു.
അത് നാം കണ്ട ഒരുസിനിമയിലെ
കഥപോലെയായിരിക്കാം

പ്രണയം നാം വായിച്ച
മുത്തശ്ശിക്കഥകൾപോലെ ഒന്നായിരിക്കാം
എന്നുമൊരു സത്യമാകാൻ നാം
കൊതിക്കുന്ന ഒരു യഥാർത്ഥ കഥ

നമ്മുടെ ഇഷ്ടങ്ങളിലേറ്റവും
വലുതായി തീരുന്നു പ്രണയമെന്നും
അറിയാതെ എപ്പോഴോ
നമ്മെത്തേടി വരുന്നു പ്രണയം

പക്ഷെ നാം ഇഷ്ടപ്പെടാതെത്തും
വിരഹവുമൊരു സത്യമാണ്
കണ്ണുനീരിന്റെ നനവുള്ള
സത്യം പ്രണയവുമായ് എന്നും
പോരാടുവാനെത്തുന്നീ വിരഹം

അതുകൊണ്ടാവാം എന്നും
പ്രണയകഥകളും വിരഹം
നിറഞ്ഞ കഥകളും
ഹിറ്റാകുന്നു സിനിമയിലും
സീരിയലിലും

ഇന്നിന്റെ സിനിമയിലുടെ
സീരിയലിലൂടെ പ്രണയവും വിരഹവും
ആഘോഷമാക്കുന്നു
പുതു തലമുറ

അന്ന് പ്രണയവും വിരഹവും
ആഴമേറുന്നൊരു വികാരമായിരുന്നു
നെഞ്ചുതകർക്കും ഒരു വേദനയായിരുന്നു

## നിയെന്റെ പ്രിയ കവി

**നീ**യറിയാതെ ആദ്യം നിന്റെ അക്ഷരത്തെയും
പിന്നീടെപ്പോഴോ നിന്നെയും ഞാൻ
പ്രണയിക്കുന്നവൾ ആയിത്തീർന്നു.

എന്റെ ആത്മാവിന്റെ ആഴങ്ങളിലെവിടേയോ
നനഞ്ഞ മിഴികളാൽ നിന്നെ ഞാൻ
അനുസ്യൂതം വായിക്കുകയായിരുന്നു.

നിൻ കവിതകളിലൂടെ നിന്റെ സാമീപ്യം
എന്നിലൊരു വർഷപാതമായ് പതിക്കുകയായിരുന്നു.

മഷിത്തുള്ളിയിലെന്നും നീ തീർത്ത
ഓരോ വരികളിലും ഞാൻ നിന്നിലൊന്നായ്
അലിയുവാൻ മോഹിക്കുന്നവൾ ആയിത്തീരുകയായിരുന്നു

കാവ്യ വർണ്ണങ്ങളാൽ നീ തീർത്ത കവിതയായ്
മനസ്സാം വർണ്ണങ്ങളാൽ നിനക്കായ് എന്നും പ്രണയക്കൂടാരം
തീർക്കുന്നവൾ ഈ ഞാൻ
നിൻ പ്രണയത്തൂലികയിൽ
നീയറിയാതെ അനുരാഗലോലയായ്

അറിയാതെ അലിയുന്നവൾ, ഈ ഞാൻ
എഴുതിത്തീരാത്ത നിന്റെ രാവിൽ
സ്വപ്നം വിരിയുമാ മിഴികളിൽ
കുളിരായ് എന്നും നിന്നെ,
പുതയ്ക്കുന്നവൾ ഈ ഞാൻ.

പ്രണയമായ് നിൻ തൂലികയാലെ രചിച്ച കവിത.
മൗനംചാലിച്ച എൻ മിഴികളാൽ വായിക്കവേ
ജന്മജന്മാന്തരങ്ങൾക്കപ്പുറത്ത് നിന്നെപ്പോഴോ ഞാൻ
നിന്നെ ആവാഹിച്ച്.

എൻ ഹൃദയത്തിൽകുടിയേറ്റവൾ എന്നറിയുന്നു
നീയോ  എനിക്കു പ്രിയ കവിയായ്
എന്നിലെ മോഹങ്ങൾക്ക് കവിതയാലൊരു
സ്വപ്നചിറകുകൾ എന്തിനു നല്കി.

അറിയുക, പ്രണയത്തിന്റെ ആ പറുദീസയിൽ
എനിക്കൊപ്പം നീയും പാറുന്നവൻ
പൂത്ത് വിടർന്ന എൻ സ്വപ്നമാം
പൂവിലെ മലരുകളിൽ
മധുശലഭമായ് പാറിടും
കവിതയായ് പ്രണയാമൃതം നുകരുന്നവൻ നീ

എൻ ഇടനെഞ്ചിനുൾപ്പുളകമാകും
ഇടവപ്പാതിയായി നിൻ മനോഹര
കവിതകളെന്നും എന്നിൽ തോരാതെ പെയ്തു
നിറയുന്നു ഒരു പേമാരിയായ്

കാവ്യമായ് ആദ്യ പ്രണയത്തിൻ വേവുകൾ
അഗ്നിയായ് എന്നിലെന്നും
ഉള്ളിൽ കെടാതെ സൂക്ഷിക്കുന്നവൻ നീ

എൻ ഹൃദയം  എന്നോ തീറെഴുതിയ വിശ്വാസ
പ്രമാണങ്ങളാൽ നീ തീർത്തു
നിന്റെ മൗനത്തിന്റെ കൂട്ടിൽ എന്നെ ഏകയാക്കി
നീയെഴുതുന്നു
പ്രണയ നോവൽ എന്നെ
നിറയ്ക്കുന്ന മനോഹര കവിത.

മധുരമൂറുമൊരു പഴത്തിന്റെ രുചിയായ്
എൻ സിരാതന്ത്രികളെ ത്രസിപ്പിച്ച്
എൻ കനവുകളിൽ ചുറ്റിപ്പടരുന്നു
നീയെഴുതും പുതിയ കവിതകളെന്നും

രാജ് മോഹൻ

## ഓണമേ വരിക നീ...

**വ**രിക നീ പൊന്നോണമേ
ഈ ചിങ്ങത്തിലൊരു
ആഘോഷത്തേരൊരുക്കമായ്
നന്മതൻ കഥയുമായ്
മാവേലിതൻ കാലത്തിലേക്ക്
തിന്മയില്ലാതിരുന്നൊരാ കാലത്തിൻ മേൻമ
ഈതലമുറയോട് ചൊല്ലാൻ വരിക നീ
വരിക പൊന്നോണമേ
കള്ളവും ചതിയുമില്ലാത്തൊരാ
ഭൂതകാലത്തിലേക്കിന്നും
വഴികണ്ണുമായ് കാത്തിരിക്കുന്നു
പ്രജകളാം ഞങ്ങളിന്നും
വരിക മാവേലി
പുസ്തക ചിന്തകളിലോ
ഒരൊഴിവു കാലമായി
ആശങ്ക നീക്കി
ആഘോഷ കാലവുമായ്
വരിക പോന്നോണമേ
ജാതിതൻ വേലിക്കെട്ടില്ലാത്ത
സ്നേഹമാം വൻമതിലിലോ
തീർക്കുന്നു സ്നേഹ സന്ദേശവുമായ്
വരിക പൊന്നോണമേ
തുമ്പയും തുളസിയും
മണ്ണിലും മനസ്സിലും വിരിയിക്കാനായ്
പുതുപൂക്കൾ ഏറെ
വാരി വിടർത്തി പൂക്കളമൊരുക്കാനായ്
കാലഘട്ടങ്ങളുടെ ഓട്ടപ്പാച്ചിലിലും
ഈ...നന്മ നിറഞ്ഞ ഓണാഘോഷം
നിലക്കാതിരിക്കമെന്നുമീ മാമലകളുടെ
നാട്ടിലെന്നു നാം തീരുമാനമെടുക്കുക.
പാടുക നാമൊന്നായി
വരികപൊന്നോണമേ.

## പ്രണയമേ നിനക്കായ്

**കാ**ത്തിരിപ്പാണ്
കാതോർത്തിരിപ്പാണ്
പ്രണയമേ നിൻ വിളിക്കായ്
ആരാണ് നീ? അറിഞ്ഞില്ല
തിരയുന്നു ഞാനെല്ലായിടവും
തിരികേ മടങ്ങുമ്പോൾ
എൻ കരൾ കൂട്ടിൽ
കിളിയായ് കൂട്ടിരിപ്പൂ ഞാൻ
തളരില്ല എൻ മനം
നിഴലിന്റെ അരികുപറ്റി
ഒരു നിഴൽ രൂപമായ്
നിന്നേയും കാത്തിരിക്കവേ
നിന്നെ തൊട്ടു തീണ്ടാൻ
വീട്ടു നൽകയില്ലാർക്കും
എന്റെയീ കിനാവിലെ
ചൂടു നൽകീട്ടു ഞാൻ
നിന്റെ കിനാക്കൾ
എറ്റെടുക്കാം പ്രിയേ
അവക്കുയിർ കൊടുക്കാം
ഇനിയേറെദൂരം ഇല്ല തനിയെ
താണ്ടി നടക്കാം നമുക്കിനി
ജീവിതപ്പാത, വരിക നീ
ഒരുമിച്ചു താങ്ങായ് താണ്ടീടാം
വരിക കിളീ, പ്രണയമായ് നീ
കടലാഴങ്ങളോളം കടന്നു ചെല്ലാം
പ്രണയത്തിരയായ് മാറാം
പ്രണയത്തിനായുസ്സ് അതിലുമപ്പുറം
ഉയിർ പോകുവോളം
ഒടുവിലൊരു ശിലയായ്ത്തീരാം
അതുവരെ പ്രണയിക്കാം
നമുക്ക് പരസ്പരം

രാജ് മോഹൻ

## വേണം. രണ്ട് കണ്ണ്.

**ക**ടിച്ചു കീറുന്നു തെരുവു നായ
നമ്മുടെ പ്രിയപ്പെട്ടവരെ
അവ കാണുവാനും വേണം
ഈ ജനാധിപത്യ രാജ്യത്ത്
നമ്മുടെ രണ്ടു കണ്ണും
കൂട്ടം തെറ്റി നാടിറങ്ങി നാട്ടാരെ
ഭീതിയിലാഴ്ത്തും കാട്ടാനകളെ
തളക്കാനായ് വേണം നീതിയുടെ
രണ്ട് കണ്ണുകൾ
വേണം നമുക്കും
രണ്ടു കണ്ണുകൾ നമ്മുടെ സോദരിമാരെ
തെരുവിലപമാനഭീതിയിലാഴ്ത്തുന്ന
കാമക്കണ്ണുകളെ തിരിച്ചറിയാനായിനിയും
നന്മതിന്മകൾ വേർതിരിച്ചറിയാനായ്
ആവശ്യത്തിന് പ്രതികരിക്കാനായ്
വേണം പുതു തലമുറയ്ക്കിന്ന്
തിരിച്ചറിവേകാനൊരു കണ്ണ്.
ജീവിതമറിയാനും ജീവിതമെന്ന
നാടകം ആടിത്തീർക്കുംവരെയും
വേണം നമ്മുക്കിന്ന് കാഴ്ച്ചക്കായ്
രണ്ട് കണ്ണ്.
മഴയായി തീർന്നിടാൻ ഞാൻ കൊതിച്ചു
ഒരു നേരമെങ്കിലും കുളിർ മഴയായി
നിന്നുള്ളിൽ പെയ്തിറങ്ങുവാൻ
ഒപ്പം കുടിനീരിനായി അലയുമൊരാ
ജനതയുടെ ദാഹനീരായ് തീരാൻ
ഒരു ചെറുവെയിലായി നിന്നെ
താലോടാൻ ഞാൻ കൊതിച്ചു
മഴയത്തു നനയുമ്പോൾ വന്നു നിന്നെപ്പൊതിഞ്ഞ
മഴ മൃദുവായി ഒപ്പിയെടുക്കാൻ
ഒരു മധുര സ്വപ്നമായ് നിന്നിലെത്തിടാൻ
ഏറെ ഞാൻ കൊതിച്ചു
ഉറങ്ങുന്ന നിൻ മിഴിയെ തലോടുവാൻ
ഒരു ചെറുമന്ദസ്മിതമായ
നിൻ മനസ്സിന്റെ കോണിൽ ആരോരുമറിയാതെ
വിതച്ചൊരാ കനലിനെ നനച്ചിട്ടു പോരുവാൻ

## ഒരു പ്രണയക്കുറിപ്പ്

**നാം** പ്രണയിച്ചൊരാ നല്ലനാളിലെ
നിറമേകുമോർമ്മതൻ നിനവിലാണ് ഞാൻ
നീയകന്നൊരി തരിശുഭുമിയിൽ
ഒരു ഏകാന്തധ്യാനത്തിലാണ് ഞാൻ
ഈ ധ്യാനത്തിലിരുന്നും ഞാൻ
നീ പെയ്തകന്നുപോയ ആ കാലവർഷവും
നിൻ കുടക്കീഴിലൊന്നായ് നാം രണ്ടു പേരും
മഴനനഞ്ഞ സ്വപ്നങ്ങൾ തൻ ചിതാഭസ്മവുമായി
ഞാൻ കാതോർത്തുനില്ക്കവേ
ഇന്നലകളിലേയ്ക്ക് ഞാൻ
തിരിഞ്ഞു നോക്കവേ
കത്തിതീർന്ന കനലെരിഞ്ഞ
പകലുകൾക്കും അക്കരെ
മഴനനഞ്ഞ ഒരു പൂക്കാലമുണ്ടായിരുന്നു
ഇന്നത് ഒർമ്മകൾ മാത്രം
കൈവെള്ളയിൽ ബാക്കിയായത്
ഊർന്നു പോയൊരാ നനുത്ത സ്വപ്നത്തിന്റെ
മഴക്കാല ഓർമ്മകൾ മാത്രം
എന്നുമെന്നും കൂടെയെത്തും
മനോവേദനകൾ പോലെ
എരിഞ്ഞടങ്ങിയ സ്വപ്നങ്ങളുടെ
ഓർമ്മച്ചിരാതായ് ഓടിയെത്തും
ഇന്നുമാ മഴനനഞ്ഞ കുട്ടിക്കാലം
തിമിർത്തുപെയ്യും പെരുമഴക്കു മുൻപേ
നനുത്തുപെയ്യും ചാറ്റലിലോടിക്കളിച്ചതും
പനിപിടിച്ച് ചുരുണ്ട് കൂടി മടിപിടിച്ച നാളുകളിലെ
ഓർമ്മകളെന്നും മനസ്സിനൊരു
സാന്ത്വനമായ് ഇന്നും ഞാൻ കരുതിടുന്നു